പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4598 29/06/2012-ൽ മറുപടിക്ക്

നഗരങ്ങളുടെ സമഗ്ര വികസന പദ്ധതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള : | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) | വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് നഗരങ്ങളുടെ ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) സ്വീകരിച്ചു വരികയാണ്. |
| (ബി) | ടൗണുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ? | (ബി) സർക്കാർ അംഗീകൃത വികസന രൂപരേഖ (മാസ്റ്റർ പ്ലാൻ/ഡെവലപ്മെന്റ് പ്ലാൻ)കളുടെ വ്യതിയാനങ്ങൾ ഉൾപ്പെടെസംസ്ഥാനത്തെ നഗരങ്ങൾക്ക് ആസൂത്രണ പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2008-09 വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച ഈ പദ്ധതിയ്ക്ക് 2009-10, 2010-11 വർഷങ്ങളിൽ 250.00 ലക്ഷം രൂപ വീതവും 2011-12-ൽ 150 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 175 ലക്ഷം രൂപയാണ്.<br>32 മാസ്റ്റർ പ്ലാനുകളാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവ തയ്യാറാക്കുന്നതിനുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.<br><br>●പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി എന്നീ പട്ടണങ്ങളുടെ വികസന രൂപരേഖകൾ അംഗീകരിച്ചു.<br>●പാലാ, പത്തനംതിട്ട, ഗുരുവായൂർ, മലപ്പുറം, കാസർകോട് പട്ടണങ്ങളുടെ കരട് ഡെവലപ്മെന്റ് പ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>●കൊച്ചി, തൃശ്ശൂർ, കൊല്ലം, പെരുമ്പാവൂർ, അടൂർ, കണ്ണൂർ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>●കൽപ്പറ്റ, പാലക്കാട് എന്നീ പട്ടണങ്ങളുടെ കരട് പ്ലാനുകൾ പൂർത്തിയായിട്ടുണ്ട്. മറ്റ് 15 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഈ വർഷം ആരംഭിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 29 പട്ടണങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ആഫീസർ